# പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *17 05/12/2022-ൽ മറുപടിക്ക്

### ശ്വാസ് ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്**<br>**ശ്രീ ഒ . ആർ. കേളു**<br>**ശ്രീ ഡി കെ മുരളി**<br>**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **വീണാ ജോർജ്**<br>**(ആരോഗ്യ- വനിത- ശിശു വികസന വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകളിൽ വരെ ശ്വാസ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി കണ്ട് രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ഇത്തരം ക്ലിനിക്കുകളിൽ ലഭ്യമാക്കാറുണ്ടോ; | എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുരുതര ശ്വാസകോശ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനുമായി പ്രാഥമികാരോഗ്യതലം മുതൽ ജില്ലാ-ജനറൽ ആശുപത്രികൾ വരെ 'ശ്വാസ്' (സ്റ്റെപ്പ് വൈസ് അപ്രോച്ച് ഫോർ എയർവേ ഡിസീസസ് (SWAAS)) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗ നിർണ്ണയം നടത്തപ്പെടുന്ന ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (COPD) ആസ്ത്മ രോഗികളേയും അതാത് പ്രദേശത്തെ ശ്വാസ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത് സേവനങ്ങൾ ഉറപ്പ് വരുത്തുന്നുണ്ട്. ജീവിതശൈലി രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ ശ്വാസ കോശ രോഗ വിഭാഗത്തിന്റെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെയും സാങ്കേതിക സഹകരണവും ഈ പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.<br>ആസ്ത്മ, COPD രോഗികളെ നേരത്തേ കണ്ടെത്തുകയും അവർക്ക് ശാസ്ത്രീയമായ ചികിത്സാ വിധികൾ ഉറപ്പാക്കുകയുമാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം തന്നെ രോഗഹേതുക്കളെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ശ്വാസ് പദ്ധതിയിൽ പ്രത്യേക ഊന്നൽ കൊടുത്തിട്ടുണ്ട്. ഇപ്പോൾ 474 എഫ്.എച്ച്.സി കളിലും 25 താലൂക്കാശുപത്രികളിലും 14 ജില്ലാ/ജനറൽ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>ക്രോണിക്ക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി കണ്ട് ചികിത്സ നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്. |
| ബി) | മറ്റെന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഇത്തരം | ബി) | COPD ആസ്ത്മ രോഗ നിർണ്ണയം നടത്തുന്നതിനായി എല്ലാ ശ്വാസ് ക്ലിനിക്കുകളിലും സ്പൈറോമീറ്റർ എന്ന |

| | | | |
|---|---|---|---|
| | ക്ലിനിക്കുകളിൽ നിന്നും ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ; | | ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്. ഈ ഉപകരണത്തിലൂടെ ശ്വാസ കോശത്തിന്റെ ക്ഷമതയും രോഗാവസ്ഥയുടെ തീവ്രതയും നിർണ്ണയിക്കാൻ സാധിക്കുന്നതാണ്. രോഗ നിർണ്ണയം നടത്തപ്പെടുന്ന എല്ലാപേർക്കും ചികിത്സാ മാർഗ്ഗരേഖ പ്രകാരമുള്ള ഇൻഹേലറുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും സൗജന്യമായി ശ്വാസ് ക്ലിനിക്കുകളിലൂടെ നൽകിവരുന്നു. ഇതിന് പുറമേ ശ്വാസകോശ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പൾമണറി റീഹാബിലിറ്റേഷൻ സേവനങ്ങളും ഈ ക്ലിനിക്കുകളിൽ ഉറപ്പ വരുത്തിയിട്ടുണ്ട്. പുകയില ഉപയോഗം ഇല്ലാതാക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് പൾമണറി സേവനങ്ങൾ ശ്വാസകോശക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്വസന വ്യായാമങ്ങളും, മറ്റ് എയ്റോബിക് വ്യായാമ മുറകളും, ഡയറ്റ് കൗൺസിലിംഗ് ഉൾപ്പെടെയുള്ള ചികിത്സാ രീതികളാണ് പൾമണറി റീഹാബിലിറ്റേഷൻ വഴി രോഗികൾക്കും രോഗം വരാൻ സാധ്യതയുള്ളവർക്കുമായി ഈ ക്ലിനിക്കുകളിലൂടെ ലഭ്യമാക്കുന്നത്. സ്റ്റാഫ് നഴ്സുമാർക്കും, ഫിസിയോതെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള മറ്റ് ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകമായ പരിശീലനം നൽകിയാണ് ഇത് നടപ്പിലാക്കിവരുന്നത്. ജില്ലാ/ ജനറൽ ആശുപത്രികളിലെ ശ്വാസ് ക്ലിനിക്കുകൾ റഫറൽ സെന്ററുകളായും ഉൾപ്പെടുത്തിക്കൊണ്ട് അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് ചികിത്സ ഉറപ്പ് വരുത്തുന്നതിനായി നോൺ ഇൻവേസീവ് വെന്റിലേറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ഈ റെഫറൽ ക്ലിനിക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | ശ്വാസകോശ രോഗികൾ വിഷാദ രോഗത്തിന് അടിമപ്പെടാതിരിക്കാനുള്ള കൗൺസിലിംഗും വ്യായാമ മുറകളും മറ്റു സഹായങ്ങളും ലഭ്യമാക്കുന്ന ശ്വാസകോശ പുനരധിവാസ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | വിഷാദ രോഗം മുന്നിൽ കണ്ടുകൊണ്ട് ശ്വാസ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികൾക്ക് വിഷാദരോഗം നിർണ്ണയിക്കുന്നതിനായുള്ള സ്ക്രീനിംഗ് ആശ്വാസ് പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. വിഷാദരോഗം വരാതിരിക്കുന്നതിനും രോഗം ബാധിച്ചവർക്ക് പ്രത്യേകമായ കൗൺസിലിംഗ് സേവനവും ചികിത്സയും പൾമണറി റീഹാബിലിറ്റേഷൻ സേവനങ്ങളുടെ ഭാഗമായി മാനസികാരോഗ്യ പദ്ധതിയുടെ സഹായത്തോടു കൂടി നൽകിവരുന്നുണ്ട്.<br>ശ്വാസകോശ പുനരധിവാസ ക്ലിനിക്ക് എല്ലാ ശ്വാസ് കേന്ദ്രങ്ങളിലും ലഭ്യമാണ്. ഈ ക്ലിനിക്കുകളിൽ പുകവലി നിർത്തുന്നതിനുള്ള കൗൺസിലിംഗ് നൽകാനുള്ള സംവിധാനം, ഇൻഹേലർ മരുന്നുകൾ, ശ്വസന വ്യായാമവും കായിക വ്യായാമവും പോഷക ആഹാരങ്ങളെപ്പറ്റിയുള്ള നിർദ്ദേശം, മാനസിക ആരോഗ്യത്തിനുള്ള കൗൺസിലിംഗ് എന്നിവയെല്ലാം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ